**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**6119** 04.07.2019 -ൽ മറുപടിയ്ക്ക്

**വേങ്ങര കേന്ദ്രമായി താലൂക്ക് രൂപീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ താലൂക്കുകളുടേയും വില്ലേജുകളുടേയും എണ്ണം ജനസംഖ്യാനുപാതികമായി വളരെ പരിമിതമാണെന്ന കാര്യം കണക്കിലെടുത്ത് കൂടുതൽ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജനസംഖ്യ മാത്രം കണക്കിലെടുത്ത് കൂടുതൽ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | വേങ്ങര കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും, അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീമിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | താലൂക്ക് ഓഫീസിലെ തിരക്ക് ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുമായി എന്ത് നടപടിയാണ് കൈക്കൊള്ളുന്നത്; വിശദമാക്കുമോ? | (സി) | ഇ-ഡിസ്ട്രിക്ട്, റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള റവന്യൂ പോർട്ടൽ, സംയോജിത ഓൺലൈൻ പോക്കുവരവ്, ഇ-ഓഫീസ് എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**